**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3338** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്ക് പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ പിന്തുണ നൽകാൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ; | (എ) | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വളർച്ചയ്ക്കും പഠനത്തിനുമായി വിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു. ഓരോ കുട്ടിക്കും ഒരു വർഷം കുറഞ്ഞത് 3,500/- രൂപയെങ്കിലും ലഭിക്കുന്ന തരത്തിലാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്. ഇതിൽ ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016 ൽ പ്രതിപാദിച്ചിട്ടുള്ള 21 തരം വൈകല്യം അനുഭവിക്കുന്നവർക്കും പരിഗണന ലഭിക്കുന്നു. വിവിധ പരീക്ഷകൾക്ക് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അർഹമായതും അനുയോജ്യമായതുമായ പരീക്ഷാനുകൂല്യങ്ങൾ, വിദ്യാലയങ്ങളിൽ സൗഹ്യദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. ശ്രവണ പരിമിതി, കാഴ്ച പരിമിതി എന്നിവ നേരിടുന്ന കുട്ടികൾക്കായി സ്പെഷ്യൽ സ്കൂളുകളും മാനസിക വൈകല്യം നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. സമഗ്ര ശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ അധ്യയന വർഷാരംഭത്തിനു മുൻപുതന്നെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികളുടെ സർവ്വെ പൂർത്തിയാക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ എല്ലാ ബി.ആർ.സികളിലും മെഡിക്കൽ ക്യാമ്പ് നടത്തി അർഹരായ കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ തെറാപ്പി സർവീസ്, വിവിധ അലവൻസുകൾക്കുള്ള അർഹത എന്നിവ തീരുമാനിക്കുന്നു. തുടർന്ന് ഇ-ടെണ്ടർ നടപടികളിലൂടെ സഹായ ഉപകരണങ്ങൾ പർച്ചേസ് ചെയ്ത് വിതരണം ചെയ്യുന്നു. അർഹരായ കുട്ടികൾക്ക് 168 ബി.ആർ.സികളിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ കെയർ സെൻറർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് തെറാപ്പി സൗകര്യം, അക്കാദമിക പിന്തുണ എന്നിവ നൽകുന്നു. എലിമെന്ററി സെക്കന്ററി വിഭാഗങ്ങളിലായി സ്കൂളുകളിൽ ഭിന്നശേഷികുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ അധ്യാപകരെ പിന്തുണയ്ക്കുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. കുട്ടികളുടെ സാമൂഹ്യനൈപുണികൾ വർദ്ധിപ്പിക്കുന്നതിനായി സന്ദർശന പരിപാടികൾ ഇൻക്ലൂസീവ് സ്പോർട്സ്, അധ്യാപകർ, രക്ഷിതാക്കൾ. സ്പെഷ്യൽ എജ്യൂക്കേറ്റർമാർ എന്നിവർക്കായുള്ള പരിശീലന / ബോധവൽക്കരണ പരിപാടികൾ ലോകഭിന്നശേഷി ദിനത്തോട് അനുബന്ധിച്ച് സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ ഭിന്നഷേഷിക്കാരെ ഉൾപ്പെടുത്തിയുള്ള സഹവാസ ക്യാമ്പുകൾ, തുടങ്ങിയവയും നടത്തിവരുന്നു. കിടപ്പിലായ കുട്ടികൾക്കായി ഗൃഹാധിഷ്ഠിത |

<table>
<tr><td></td><td></td><td></td><td>വിദ്യാഭ്യാസം, പ്രത്യേക ക്യാമ്പുകൾ, ഡയപ്പർ, വാട്ടർബെഡ് തുടങ്ങിയവയുടെ വിതരണം എന്നിവ നടപ്പിലാക്കിവരുന്നു. പ്രയോഗ പരീക്ഷണം എന്ന രീതിയിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കിടപ്പിലായ കുട്ടികളുടെ കിടപ്പുമുറികളിൽ വെർച്ചൽ ക്ലാസ് റൂം തയ്യാറാക്കി നൽകിയിട്ടുണ്ട്. അർഹരായ കുട്ടികൾക്ക് ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ് ഗേൾസ് സ്റ്റൈഫന്റ് എന്നിവ വിതരണം ചെയ്തു വരുന്നു. ഭിന്നശേഷി കുട്ടികളുടെ കായികപരമായ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടി ഇൻക്ലൂസീവ് സ്പോർട്സ് മാനുവൽ തയ്യാറാക്കിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>സമഗ്ര ശിക്ഷ കേരളയ്ക്ക് കീഴിൽ സംസ്ഥാനത്ത് എത്ര സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പ്രവർത്തിച്ചുവരുന്നു എന്ന് ജില്ല തിരിച്ച് കണക്ക് നൽകാമോ ;</td><td>(ബി)</td><td>
<table>
<tr><th></th><th>എലമെന്ററി</th><th>സെക്കന്ററി</th><th>ആകെ</th></tr>
<tr><td>തിരുവനന്തപുരം</td><td>141</td><td>129</td><td>270</td></tr>
<tr><td>കൊല്ലം</td><td>102</td><td>80</td><td>182</td></tr>
<tr><td>പത്തനംതിട്ട</td><td>52</td><td>50</td><td>102</td></tr>
<tr><td>ആലപ്പുഴ</td><td>103</td><td>72</td><td>175</td></tr>
<tr><td>കോട്ടയം</td><td>98</td><td>95</td><td>193</td></tr>
<tr><td>ഇടുക്കി</td><td>64</td><td>60</td><td>124</td></tr>
<tr><td>എറണാകുളം</td><td>130</td><td>149</td><td>279</td></tr>
<tr><td>തൃശ്ശൂർ</td><td>142</td><td>140</td><td>282</td></tr>
<tr><td>പാലക്കാട്</td><td>128</td><td>118</td><td>246</td></tr>
<tr><td>മലപ്പുറം</td><td>182</td><td>152</td><td>334</td></tr>
<tr><td>കോഴിക്കോട്</td><td>166</td><td>137</td><td>303</td></tr>
<tr><td>വയനാട്</td><td>45</td><td>44</td><td>89</td></tr>
<tr><td>കണ്ണൂർ</td><td>97</td><td>80</td><td>177</td></tr>
<tr><td>കാസർഗോഡ്</td><td>71</td><td>59</td><td>130</td></tr>
<tr><td>ആകെ</td><td>1521</td><td>1365</td><td>2886</td></tr>
</table>
</td></tr>
<tr><td>(സി)</td><td>സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ;</td><td>(സി)</td><td>മുൻ വർഷങ്ങളിൽ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ അവരുടെ പ്രകടനമികവിന്റെ വിലയിരുത്തിലിന്റെ അടിസ്ഥാനത്തിൽ അടുത്ത പദ്ധതി വർഷം പുതുതായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അധികമായുണ്ടാകുന്ന ഒഴിവുകളിലേക്ക് ജില്ലാ അടിസ്ഥാനത്തിൽ പരസ്യം നൽകി ഇന്റർവ്യൂ നടത്തി തിരഞ്ഞെടുത്ത് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നു.</td></tr>
<tr><td>(ഡി)</td><td>സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകുന്ന വേതനം പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ;<br>വിശദീകരിക്കാമോ;</td><td>(ഡി)</td><td>ഓരോ വർഷവും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം രൂപീകരിക്കുന്ന പ്രോജക്ട് അപ്രൂവൽ ബോർഡ് (പി.എ.ബി) മീറ്റിംഗ് മിനിട്സ് പ്രകാരം അംഗീകാരം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള തുകയാണ് സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് പ്രതിമാസ വേതനം നൽകുന്നത്.<br><br>സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഓരോ വർഷവും കേന്ദ്രവിദ്യാഭ്യാസ</td></tr>
</table>

| | | | |
|---|---|---|---|
| | | | മന്ത്രാലയത്തിന് സമർപ്പിക്കാറുണ്ടെങ്കിലും പ്രോജക്ട് അപ്രൂവൽ ബോർഡ് നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടില്ല. |
| (ഇ) | എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഇ) | എല്ലാ സ്കൂളിലും സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ വിന്യസിക്കുന്നതിനായി വേണ്ട അത്രയും എണ്ണം സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ തസ്തികയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ പരമാവധി സ്കൂളുകളിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് ഒന്നിലധികം സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്. എല്ലാ ക്ലസ്റ്ററുകളിലും കുറഞ്ഞത് ഒരു സ്പെഷ്യൽ കെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററുകളിൽ ഏത് സ്കൂളിലെയും ഭിന്നശേഷിവിഭാഗം കുട്ടികൾക്ക് സേവനം തേടാവുന്നതാണ്. എല്ലാ ബി.ആർ.സി യുടെ കീഴിലും ഓരോ ഓട്ടിസം സെന്റർ തെറാപ്പി സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സെന്ററുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ